## കേരള സർവകലാശാല
## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2021
## രണ്ടാം അലോട്ട്മെന്റ് നവംബർ 08ന്
## കോളേജ് പ്രവേശനം 08.11.2021 മുതൽ 11.11.2021 വരെ
## നിർദ്ദേശങ്ങൾ

1. വിദ്യാർത്ഥികൾ പ്രൊഫൈലിൽ ലോഗിൻ ചെയ്ത്ര രണ്ടാം അലോട്ട്മെന്റ് പരിശോധിക്കുക. ഒന്നാം അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടച്ചിട്ടില്ലാത്തവർ രണ്ടാംഅലോട്ട്മെന്റിൽ ഉൾപ്പെടുന്നതല്ല. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ്അടയ്ക്കണം. ഒന്ന്, രണ്ട് ഘട്ട അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർക്ക് പ്രൊഫൈലിൽ നിന്ന് അലോട്ട്മെന്റ് മെമോ ഡൗൺലോഡ് ചെയ്യാൻ സാധിക്കും. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. 08.11.2021 മുതൽ കോളേജിൽ അഡ്മിഷൻ തുടങ്ങുന്നതിനാൽ അതിനു മുൻപ് തന്നെ ഫീസ് അടച്ച് മെമ്മോ ഡൗൺലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിട്ടുള്ള സമയത്തു തന്നെ കോളേജിൽ ഹാജരാകണം. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്. അലോട്ട്മെ് ലഭിച്ചവർ നവംബർ 11 ന് മുൻപായി കോളേജിൽ പ്രവേശനം നേടിയില്ല എങ്കിൽ അവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

   NB : ഓൺലൈനായി ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടാവുകയോ അക്കൗണ്ടിൽ നിന്ന് തുക പോയിട്ടും വീണ്ടും ഫീസ് അടക്കാനുള്ള നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇ.മെയിൽ മുഖാന്തരം ബന്ധപ്പെട്ട് മറുപടി ലഭിച്ച ശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിനു ശ്രമിക്കുക. മൾട്ടിപ്പിൾ പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ചെയ്യാൻ കാലതാമസം നേരിടുന്നതാണ്.

2. താത്കാലിക അഡ്മിഷൻ (Temporary/Provisional Admission) : ഹയർ ഓപ്ഷനായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് താൽക്കാലിക (Temporary/Provisional Admission) അഡ്മിഷനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം Temporary Admission എടുക്കുന്ന വിദ്യാർത്ഥി കോളേജിൽ ഒടുക്കേണ്ട ഫീസുകൾ നൽകേണ്ട ആവശ്യമില്ല. എന്നാൽ അലോട്ട്മെന്റ് മെമ്മോയിൽ പറയുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. കോളേജ് അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് (Temporary Admission/PermanentAdmission) തെരഞ്ഞെടുക്കാവുന്നതാണ്.

4. കോവിഡുമായി ബന്ധപ്പെട്ട് ക്വാറന്റീനിലോ ചികിത്സയിലോ ഉള്ളവർ മുൻകൂട്ടി വിവരം പ്രിൻസിപ്പാളിനെ അറിയിക്കേണ്ടതാണ്. ഇങ്ങനെയുള്ളവർ അഡ്മിഷൻ എടുക്കാൻ എല്ലാ സർട്ടിഫിക്കറ്റുകളും യൂണിവേഴ്സിറ്റി ഫീസ് അടച്ച രസീതും സ്കാൻ ചെയ്ത് കോളേജിലേക്ക് അയക്കേണ്ടതാണ്. അതോടൊപ്പം ക്വാറന്റീനിലോ കോവിഡ് ചികിത്സയിലോ ആണെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും അയച്ചു കൊടുക്കണം. ഇപ്രകാരം Temporary Admission എടുക്കാം. ക്വാറന്റീൻ സമയം അവസാനിക്കുമ്പോൾ തന്നെ അവർ ഹാജരായി ഒറിജിനൽ സർട്ടിഫിക്കറ്റുകൾ കോളേജിൽ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം.

5. **കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴുവൻ വിദ്യാർഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കണം. ആൾക്കൂട്ടം ഒഴിവാക്കുന്നതിന് വേണ്ടി അഡ്മിഷൻ സമയത്ത് വിദ്യാർഥിയോടൊപ്പം ഒരാളെ മാത്രമേ കോളേജിനുള്ളിൽ പ്രവേശിപ്പിക്കുകയുള്ളൂ.**